## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4181 — 24.10.2016-ൽ മറുപടിയ്ക്ക്

**<u>പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി</u>**

| | **ചോദ്യം**<br>ശ്രീ.സണ്ണി ജോസഫ് | | **മറുപടി**<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി വിജിലൻസ് കേസിലെ പ്രതിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കേസ് സംബന്ധിച്ച എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | വിജിലൻസ് കേസിലെ പ്രതി പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ആകുന്നത് അസോസിയേഷൻ ഭരണഘടനയ്ക്ക് അനുസൃതമാണോ; വിശദമാക്കുമോ; | (സി) യും (ഡി) യും | വിജിലൻസ് കേസുകളിൽ കുറ്റാരോപിതനായ ഒരാൾക്ക് കേരളാ പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ഭാരവാഹി ആകുന്നതിന് കേരളാ പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ നിയമാവലി പ്രകാരം അയോഗ്യതയില്ല. |
| (ഡി) | അല്ലെങ്കിൽ പ്രസ്തുത വ്യക്തിക്കെതിരെ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

FORM No. 1

KERALA POLICE-കേരള പോലീസ്

FIRST INFORMATION REPORT- പ്രഥമ വിവര റിപ്പോർട്ട്

(Under Section 154 Cr.P.C) (ക്രിമിനൽ നടപടി നിയമം 154- വകുപ്പ് പ്രകാരം)

1. District തിരുവനന്തപുരം .Police Station: വി.എ.സി.ബി, എസ്.ഐ.യു-1 .Year **2015**. FIR No.01/16. Date.09.03.2016
ജില്ല പോലീസ് സ്റ്റേഷൻ വർഷം എഫ്.ഐ.ആർ നമ്പർ തീയതി

2. (i). Act. പി.സി ആക്ട് 1988 .Sections. **U/s 13(2) r/w 13(1) (c)** (ii) .Act...... .Sections **120(ബി) & 201 ഐ.പിസി**
നിയമം വകുപ്പുകൾ നിയമം വകുപ്പുകൾ

(iii). Act.... .................. Sections 408, 477-A, 420 IPC (iv . Other Acts and Sections...............
നിയമം വകുപ്പുകൾ മറ്റുനിയമങ്ങളും വകുപ്പുകളും

3. (a) Occurrence of Offence Day........... Date from **2004** Date to **2011** Time period .....................
കുറ്റകൃത്യം സംഭവിച്ച ദിവസം തീയതി മുതൽ തീയതി വരെ സമയം
Time from....... Time to.... (b) Information received at Police Station...Date..... Time. ................
സമയം മുതൽ സമയം വരെ പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ച തീയതി സമയം

(c) General Diary Reference Entry No.(s)...... Time... . Type of Information *Written/Oral
ജനറൽ ഡയറി പരാമർശം രേഖപ്പെടുത്തൽ നമ്പർ സമയം ലഭിച്ച വിവരത്തിന്റെ സ്വഭാവം രേഖാമൂലം/ വായ്മൊഴി

4. Place of Occurrence : a. Direction and distance from P.S **3 കി.മീ. പടിഞ്ഞാറ്** Beat No...................
കൃത്യസ്ഥലം : പോലീസ് സ്റ്റേഷനിൽനിന്നുള്ള ദിശയും അകലവും ബീറ്റ് നമ്പർ

(b) Address. **കേരള പോലീസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ഓഫീസ്, എ ആർ ക്യാമ്പ്, നന്ദാവനം**
വിലാസം **തിരുവനന്തപുരം**

(c) In case outside limit of this Police Station, then the name of Police Station........... District............
ഈ പോലീസ് സ്റ്റേഷന്റെ അധികാരാതിർത്തിക്ക് വെളിയിലാണെങ്കിൽ പോലീസ് സ്റ്റേഷന്റെ പേര് . ജില്ല

5. Complainant/Informant: പരാതിക്കാരൻ/ അറിവു നൽകിയ ആൾ.

(a) Name **എ.കെ.വിശ്വംഭരൻ** (b) Father's/ Name................. (c) Date/Year of Birth ..........
പേര് അച്ഛന്റെ പേര് തീയതി / ജന്മവർഷം

(d) Nationality. ........ (e) Passport No............ Date of issue........ Place of issue.......... .........
ദേശീയത പാസ്പോർട്ട് നമ്പർ നൽകിയ തീയതി നൽകിയസ്ഥലം

(f) Occupation **ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്** (g) Address **വി.എ.സി.ബി, എസ്.ഐ.യു-1, . തിരുവനന്തപുരം**
തൊഴിൽ വിലാസം

6. Details of known/suspected/unknown accused with full particulars
അറിയാവുന്ന/സംശയിക്കാവുന്ന/അറിയപ്പെടാത്ത/കുറ്റവാളികളെ/സംബന്ധിച്ച വിശദവിവരങ്ങൾ
(Attach separate sheet if necessary) (ആവശ്യമുള്ളപക്ഷം പ്രത്യേക ഷീറ്റുകൾ അനുബന്ധമായി ചേർക്കുക)

1. **ശ്രീ.കെ.കെ.ജോസ്, മുൻ കേരള പോലീസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ട്രഷറർ ( പോലീസ് സബ് ഇൻസ്പെക്ടർ, ക്രൈം ഡിറ്റാച്ച്മെന്റ്, ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി).**
2. **ശ്രീ. സി.ആർ.ബിജു, മുൻ കേരള പോലീസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ട്രഷറർ (അസി. പോലീസ് സബ് ഇൻസ്പെക്ടർ, പാലാരിവട്ടം പോലീസ് സ്റ്റേഷൻ, എറണാകുളം),**
3. **ശ്രീ. സി.റ്റി.ബാബുരാജ്, മുൻ കേരള പോലീസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ട്രഷറർ (എസ്.സ്.പി.ഓ-5698, ട്രാഫിക് പോലീസ് സ്റ്റേഷൻ, പാലക്കാട്)**

7. Reasons for delay in reporting by the Complainant/Informant ...................................................
പരാതിക്കാരനോ/ അറിവ് നൽകുന്ന ആളോ വിവരം പോലീസ് സ്റ്റേഷനിൽ അറിയിക്കുവാൻ കാലതാമസം വരുത്തിയതിലുള്ള കാരണങ്ങൾ

8. Particulars of properties stolen/involved(Attached separate sheet if necessary)...........................
മോഷ്ടിക്കപ്പെട്ട കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സാധനങ്ങളുടെ വിവരം ആവശ്യമുള്ളപക്ഷം പ്രത്യേക ഷീറ്റുകൾ അനുബന്ധമായി ചേർക്കുക

9. Total value of properties stolen/involved...........................................................................
മോഷ്ടിക്കപ്പെട്ട കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സാധനങ്ങളുടെ മൊത്തവില

Inquest Report / U.D. Case No. if any ..........................................................................................
ഇൻക്വസ്റ്റ് റിപ്പോർട്ട് / അസ്വാഭാവിക മരണം കേസ് നമ്പർ ഉണ്ടെങ്കിൽ

F.I.R contents (Attach separate sheets if necessary)
എഫ്.ഐ.ആർ.ഉള്ളടക്കം (ആവശ്യമുള്ളപക്ഷം പ്രത്യേക ഷീറ്റുകൾ അനുബന്ധമായി ചേർക്കുക)

കേരള പോലീസ് സേനയിലെ സബ് ഇൻസ്പെക്ടർ ശ്രീ.കെ.കെ.ജോസ്, അസി. പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. സി.ആർ.ബിജു, സീനിയർ സിവിൽ പോലീസ് ഓഫീസർ ശ്രീ. സി.റ്റി.ബാബുരാജ് എന്നീ മൂന്ന പ്രതികൾ കേരള പോലീസ് അസോസിയേഷന്റെ സംസ്ഥാന കമ്മിറ്റി ട്രഷറർ ആയി ചുമതല നോക്കി വരവെ, ടിയാൻമാരുടെ ഔദ്യോഗിക പദവി ദുർവിനിയോഗം ചെയ്തും, ഒന്നാം പ്രതി 2004 മുതൽ 2006 വരെയുള്ള കാലഘട്ടത്തിൽ കേരള പോലീസ് അസോസിയേഷന്റെ സംസ്ഥാന ട്രഷറർ ആയിരിക്കെ അസോസിയേഷന്റേയും, കാവൽ കൈരളി മാസികയുടേയും വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട ക്യാഷ് ബുക്ക്, വൗച്ചർ, രസീത് തുടങ്ങിയവ കൃത്യമായി സൂക്ഷിക്കാതെ രേഖകളിൽ തിരിമറി നടത്തിയും അസോസിയേഷന്റെ പൊതു ധനത്തിൽ നിന്നും 3,74,335/- രൂപയുടെ പണാപഹരണം നടത്തിയും, രണ്ടാം പ്രതി 2006 മുതൽ 2007 വരെയുള്ള കാലഘട്ടത്തിൽ കേരള പോലീസ് അസോസിയേഷന്റേയും കാവൽ കൈരളി മാസികയുടേയും വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട ക്യാഷ് ബുക്ക്, വൗച്ചർ, രസീത് തുടങ്ങിയവ കൃത്യമായി സൂക്ഷിക്കാതെ രേഖകളിൽ തിരിമറി നടത്തിയും അസോസിയേഷന്റെ പൊതു ധനത്തിൽ നിന്നും 5,69,304/- രൂപയുടെ പണാപഹരണം നടത്തിയും, മൂന്നാം പ്രതി 2007 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ കേരള പോലീസ് അസോസിയേഷന്റെ ട്രഷറർ ആയിരിക്കെ അസോസിയേഷന്റേയും കാവൽ കൈരളി മാസികയുടേയും വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട ക്യാഷ് ബുക്ക്, വൗച്ചർ, രസീത് തുടങ്ങിയവ/ കൃത്യമായി സൂക്ഷിക്കാതെ രേഖകളിൽ തിരിമറി നടത്തിയും അസോസിയേഷന്റെ പൊതു ധനത്തിൽ നിന്നും 2,14,163/- രൂപയുടെ പണാപഹരണം നടത്തിയും പുതിയ ഭരണസമിതിക്ക് ചാർജ് കൈമാറുന്ന സമയം മൂന്ന പ്രതികളും ചേർന്ന് കുറ്റകരമായ ഗൂഢാലോചന നടത്തിയും ക്യാഷ് ബുക്കുകളും, വൗച്ചറുകളും മറ്റ് അനുബന്ധരേഖകളും നശിപ്പിച്ച് തെളിവുകൾ ഇല്ലാതാക്കി.

Action taken since the above report reveals commission of offence(s) U/s as mentioned at item No.2 registered the case and took up the investigation/directed*.......................Rank..................to take up the investigation/refused investigation/transferred to Police Station.........................on point of jurisdiction.

മേൽ വിവരിച്ച റിപ്പോർട്ടിൽനിന്നും രണ്ടാം ഇനത്തിൽ കാണിച്ചിരിക്കുംപ്രകാരമുള്ള വകുപ്പുകൾ അനുസരിച്ചുള്ള കുറ്റകൃത്യം ആകയാൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ ആരംഭിച്ചു പദവി.........................നിർദ്ദേശം നൽകി /അന്വേഷണം നിരസിച്ചു /അധികാരാതിർത്തി പരിഗണിച്ച്.........................പോലീസ് സ്റ്റേഷനിലേക്ക് മാറ്റം ചെയ്തു.

F.I.R. read over to the complainant/ Informant, admitted to be correctly recorded and a copy given to the complainant/informant free of cost.
പ്രഥമ വിവര റിപ്പോർട്ട് പരാതിക്കാരനെ അറിവ് നൽകിയ ആളെ വായിച്ചു കേൾപ്പിച്ചു. ശരിയായ വിവരം രേഖപ്പെടുത്തിയതാണെന്നു സമ്മതിച്ചു. റിപ്പോർട്ടിന്റെ ഒരു പകർപ്പ് പരാതിക്കാരന് /അറിവ് നൽകിയ ആളിന് സൌജന്യമായി നൽകി.

Signature/Thumb Impression of the Complainant/Informant
പരാതിക്കാരന്റെ അറിവ് നൽകിയ ആളിന്റെ കയ്യൊപ്പ് /വിരലടയാളം

Signature of the Officer-in-charge of Police Station
പോലീസ് സ്റ്റേഷനിൽ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥന്റെ കയ്യൊപ്പ്.

Date & Time of dispatch To the Court
കോടതിയിലേക്ക് അയച്ച തീയതിയും സമയവും 09.03.2016, 4:15 pm

*Name
പേര് എ.കെ.വിശ്വംഭരൻ
*Rank
പദവി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-I
തിരുവനന്തപുരം
Number if any
നമ്പർ ഉണ്ടെങ്കിൽ

പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്- I,
പൂജപ്പുര, തിരുവനന്തപുരം,
തീയതി. 09.03.2016 സമയം- 4 പി.എം

# FIRST INFORMATION - പ്രഥമ വിവരം

District
**ജില്ല തിരുവനന്തപുരം**

സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ച സ്പെഷ്യൽ ടീം ആഡിറ്റ് നടത്തിയതിൽ 2004 മുതൽ 2012 വരെയുള്ള കാലയളവിൽ കേരള പോലീസ് അസോസിയേഷനിലേക്ക് നടത്തിയ പിരിവിലും, ചെലവിലും അസോസിയേഷന്റെ തന്നെ നിയന്ത്രണത്തിലുള്ള കാവൽ കൈരളി മാസികയിലേക്കുള്ള പിരിവിനത്തിലും ചെലവ് നടത്തിയതായി കാണിച്ചിട്ടുള്ളതിലും ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഈ റിപ്പോർട്ടിലെ സംഗതികളെക്കുറിച്ച് ഒരു പ്രാഥമിക അന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈം റിക്കാർഡ്സ് ബ്യൂറോ, അസിസ്റ്റന്റ് കമ്മീഷണറെ കൊണ്ട് അന്വേഷണം നടത്തിയതിലും ക്രമക്കേടുകൾ കണ്ടെത്തിയതിനാൽ, സംസ്ഥാന പോലീസ് മേധാവി അന്വേഷണ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും വിജിലൻസ് ഡയറക്ടറുടെ ഉത്തരവ് നമ്പർ ഇ-16(വി.ഇ.5/14/എസ്.ഐ.യു-1)23571/2014 തീയതി 04.08.2014 ആയി ഒരു വിജിലൻസ് അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതും, ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1ൽ വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. അന്വേഷണത്തിൽ താഴെ പറയുന്ന സംഗതികൾ വെളിവായിട്ടുള്ളതാണ്.

കേരള പോലീസ് അസോസിയേഷൻ (കെ.പി.എ) ഗവൺമെന്റ് ഉത്തരവ് ജി.ഒ.(എംഎസ്) നമ്പർ 134/179/-ഹോം, തീയതി 04.10.1979 പ്രകാരം രൂപം കൊണ്ടതാണ്. അസോസിയേഷന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് അസോസിയേഷന്റെ ബൈ-ലോയിലെ സെക്ഷൻ 10(4) പ്രകാരം ട്രഷറർ ശരിയായ കണക്കുകൾ എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ട്രഷറർ അസോസിയേഷൻ ഫണ്ടിന്റെ ചുമതലയും, കണക്കുകളുടെ ആഡിറ്റിനും, സാമ്പത്തിക അച്ചടക്കം

[illegible]

വിജിലൻസ് അന്വേഷണത്തിൽ 2004 മുതൽ 2011 വരെയുള്ള [redacted] ർ സ്ഥാ[redacted] വഹിച്ചിരുന്ന അസോസിയേഷൻ ഭാരവാഹികൾ നിയമപരമായി എഴുതി [redacted] റിക്കാർഡുകൾ എഴുതി സൂക്ഷിക്കാതെ നശിപ്പിച്ചു കളഞ്ഞതായി വെളിവായിട്ടുണ്ട്. 2004-2005, 2005-[redacted] കാലഘട്ടത്തിൽ ട്രഷറർ സ്ഥാനം വഹിച്ചിരുന്നത് ശ്രീ. കെ.കെ.ജോസും, 2006-2007 കാലഘട്ടത്തിൽ ഈ സ്ഥാനം വഹിച്ചിരുന്നത് ശ്രീ. സി.ആർ. ബിജുവും, 2007-2008, 2009-2010, 2010-2011 കാലഘട്ടത്തിൽ ഈ സ്ഥാനം വഹിച്ചിരുന്നത് ശ്രീ. സി.റ്റി. ബാബുരാജുമാണ്.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റിലെ ആഡിറ്റ് ഉദ്യോഗസ്ഥൻമാർ കേരള പോലീസ് അസോസിയേഷൻ സംസ്ഥാനകമ്മിറ്റിയുടെ 20.08.2004 മുതൽ 26.08.2012 വരെയുള്ള കണക്കുകളും കാവൽ കൈരളി മാഗസിന്റെ 20.10.2004 മുതൽ 24.08.2012 വരെയുള്ള കണക്കുകൾ, ലഭ്യമായ വൗച്ചറുകൾ, ക്യാഷ് ബുക്കുകൾ എന്നിവ പരിശോധിച്ചതിൽ മേൽവിവരിച്ച വർഷങ്ങളിലെ വിവിധ കാലയളവിൽ പൊരുത്തക്കേടുകൾ കണ്ടെത്തുകയും. കൂടാതെ മൊത്തം വൗച്ചറുകളും അനുബന്ധരേഖകളും കണ്ടെത്താൻ സാധിച്ചില്ലായെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. പ്രതികളായ 1 മുതൽ 3 പേർ ചുമതല വഹിച്ചിരുന്ന കാലയളവിലെ ഉൾപ്പെടെ വൗച്ചറുകൾ മറ്റ് അനുബന്ധ റിക്കാർഡുകൾ ഇപ്പോഴത്തെ അസോസിയേഷൻ ഭാരവാഹികൾക്ക് കൈമാറിയ വേളയിൽ തയ്യാറാക്കിയ ഹാൻഡിംഗ് ഓവർ ലിസ്റ്റിൽ ചേർക്കാതെയാണ് കൈമാറിയത് എന്നും റിപ്പോർട്ടിലുണ്ട്.

ഒന്നാം പ്രതി കേരള പോലീസ് സേനയിലെ ഒരംഗവും, കേരള പോലീസ് അസോസിയേഷന്റെ ട്രഷറർ ആയി ചുമതല വഹിച്ചിരുന്ന 2004-2005, 2005-2006 കാലത്തെ കണക്കുകളെ സംബന്ധിച്ച് നടത്തിയ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ (1) കാവൽ കൈരളി ക്യാഷ് ബുക്കിൽ 16.04.2005, 17.04.2005 തീയതികളിൽ കെ.പി.എ സംസ്ഥാനകമ്മിറ്റിക്ക് നൽകിയതായി രേഖപ്പെടുത്തിയ 12,450/- രൂപ കെ.പി.എ ക്യാഷ് ബുക്കിലോ, ബാങ്ക് പാസ്സ്ബുക്കിലോ രേഖപ്പെടുത്തി കാണുന്നില്ല. (2). കാവൽ കൈരളി ക്യാഷ് ബുക്കിൽ 26.04.2005, 02.05.2005, 03.05.2005 എന്നീ തീയതികളിൽ കെ.പി.എ സംസ്ഥാനകമ്മിറ്റിക്ക് കൈമാറിയതായി രേഖപ്പെടുത്തിയ 99,835/- രൂപ കെ.പി.എ ക്യാഷ് ബുക്കിലോ ബാങ്ക് പാസ്സ്ബുക്കിലോ രേഖപ്പെടുത്തി കാണുന്നില്ല. (3). ചെലവ് വൗച്ചർ--19 പ്രകാരം 18.04.2006-ൽ ശ്രീ. സി.റ്റി. ബാബുരാജിന് യാത്രാബത്ത ഇനത്തിൽ 400/- രൂപ നൽകായതായി രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ കെ.പി.എ ക്യാഷ് ബുക്കിൽ 450/- രൂപ നൽകിയതായി കാണുന്നു. അധിക തുകയായ 50/- രൂപ കെ.പി.എ ക്യാഷ് ബുക്കിലോ, ബാങ്ക് പാസ്സ്ബുക്കിലോ രേഖപ്പെടുത്തി കാണുന്നില്ല (4) കാവൽ കൈരളി ക്യാഷ് ബുക്കിൽ 14.06.2006, 20.06.2006, 17.06.2006 എന്നീ തീയതികളിൽ 2,62,000/- രൂപ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും കെ.പി.എ ക്യാഷ് ബുക്കിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല, കൂടാതെ ചെലവ് വൗച്ചറും ലഭ്യമല്ല.

രണ്ടാം പ്രതി 2006-07 കാലഘട്ടത്തിൽ കെ.പി.എ-യുടെ സംസ്ഥാന ട്രഷററും ആയി പ്രവർത്തിച്ചിട്ടുള്ളതും ടിയാൻ ബൈ-ലോ പ്രകാരം എഴുതി സൂക്ഷിക്കേണ്ടതുമായ വൗച്ചറും അനുബന്ധ രേഖകളും സൂക്ഷിക്കാതെ തന്റെ കാലയളവിൽ രണ്ട് തവണ പണം തിരിമറി നടത്തിയിട്ടുണ്ട്.

[illegible]

2. കെ.പി.എ. ക്യാഷ് ബുക്ക് പ്രകാരം 5,69,123/- രൂപ 15.06.2007 മുതൽ 24.08.2007 വരെ ചെലവഴിച്ചെന്നും എന്നാൽ ഈ തുക ചെലവഴിച്ചതിനു വൗച്ചറുകളോ, ബന്ധപ്പെട്ട രേഖകളോ എഴുതി സൂക്ഷിക്കാതെ കൈവശപ്പെടുത്തി എടുത്തിട്ടുള്ളതാണ്.

മൂന്നാം പ്രതി ശ്രീ. സി.റ്റി. ബാബുരാജ് കേരള പോലീസ് അസോസിയേഷന്റെ സംസ്ഥാന ട്രഷറർ ആയിരുന്ന 2007-08, 2008-09, 2009-10, 2010-2011 കാലയളവിൽ നടത്തിയ ക്രമക്കേടുകളിൽ

1. 25.08.2007-ൽ കെ.പി.എ-യുടെ ക്യാഷ് ബാലൻസ് 855/- രൂപയാണ്. ഈ തുക പുതിയ ക്യാഷ് ബുക്കിൽ മുൻ നീക്കിയിരിപ്പായി രേഖപ്പെടുത്താതെയും ടി 855/- രൂപ ടിയാൻ കൈവശപ്പെടുത്തി.

2. കെ.പി.എ-യുടെ ക്യാഷ് ബുക്ക് പ്രകാരം 24.08.2007-ൽ 1,13,889/- രൂപ വരവിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും, ഈ തുകയിൽ 19,912/- രൂപ ചെലവായതായും ബാക്കിയുള്ള 93,977/- രൂപയിൽ 82,963/- രൂപ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും, ബാക്കി തുകയായ 11,014/- രൂപ ബാങ്കിൽ നിക്ഷേപിക്കാതെ അപഹരിച്ചിട്ടുള്ളതാണ്.

3. കെ.പി.എ-യുടെ ക്യാഷ് ബുക്ക് പ്രകാരം 07.01.2011-ൽ ഓഫീസ് ഉപകരണങ്ങൾക്കും, നവീകരണത്തിനുമായി ശ്രീ.വി.ഗിരിലാലിന് 30,415/- രൂപ നൽകിയതായും, എന്നാൽ ഈ തുക നൽകിയത് സംബന്ധിച്ച് ചെലവ് വൗച്ചറോ, ഫയലോ ലഭ്യമല്ലാത്താണ്.

4. കാവൽ കൈരളി അക്കൗണ്ടുമായി ബന്ധപ്പെട്ട് 18.09.2007, 10.10.2007, 03.01.2008 എന്നീ തീയതികളിൽ ബെസ്റ്റ് എഡിഷൻ എന്ന സ്ഥാപനത്തിന് ചെക്ക് മഖാന്തിരം നൽകിയ രൂപ യഥാക്രമം 35,000/-, 42,000/-, 50,000/- തുകകളുടെ വൗച്ചറുകളോ, കൈപ്പറ്റ് രസീതുകളോ ലഭ്യമല്ല. കൂടാതെ 20.03.2008 രജിസ്ട്രേഷൻ ഡിപ്പോസിറ്റ് ആയി ചെലവഴിച്ച 9,000/- രൂപയ്ക്കും 29.03.2008-ൽ പ്രിന്റിംഗ് ചാർജ് ആയി ചെലവഴിച്ച 12,000/- രൂപയ്ക്കും കൈപ്പറ്റ് രസീതോ, വൗച്ചറുകളോ ലഭ്യമല്ല.

5. ചെലവ് വൗച്ചർ ഇവി-370 തീയതി 16.11.2008 പ്രകാരം മുറി വാടകയായി ശ്രീ. രാജന് നൽകിയത് 175/- രൂപയാണ്. എന്നാൽ കെ.പി..എ-യുടെ ക്യാഷ് ബുക്ക് പ്രകാരം 550/- രൂപ നൽകിയതായി കാണുന്നു. അധിക തുകയായ 375 രൂപ ടിയാൻ കൈവശപ്പെടുത്തി.

6. 07.09.2009, 11.05.2010 എന്നീ രണ്ട് തവണകളായി യഥാക്രമം 2904/-, 4350/-, 6850/- രൂപ ചെലവഴിച്ചതിന് വൗച്ചറുകൾ ഇല്ല.

7. 17.01.2001-ൽ 9400/- രൂപ ശ്രീ. പത്മനാഭ ഓഫ് സെറ്റ് പ്രിന്റേഴ്സിന് വൗച്ചർ നമ്പർ 267 പ്രകാരം കൊടുത്തതായി കാണുന്നു. അതേ ദിവസം തന്നെ വീണ്ടും 9400/- രൂപ ക്യാഷ് ബുക്ക് പ്രകാരം പിൻവലിച്ചതായും 28-മത് സംസ്ഥാന കമ്മിറ്റിയുടെ പ്രിന്റിംഗ് ചാർജിനത്തിൽ കൊടുത്തതായും

[illegible]

മേൽപ്പറഞ്ഞ പ്രതികൾ അവരുടെ ഔദ്യോഗിക പദവി ദുർവിനിയോഗം ചെയ്ത് [illegible] പണം ശരിയായി കൈകാര്യം ചെയ്യാതെയും, ശരിയായ അക്കൗണ്ടുകൾ സൂക്ഷിക്കാതെയും, വിനിയോഗിച്ച തുകയ്ക്കുള്ള വൗച്ചറുകൾ ഇല്ലാതെയും കണക്കുകൾ കൃത്രിമം കാട്ടി പണാപഹരണം നടത്തുകയും ആയതിലേക്കുള്ള തെളിവുകൾ നശിപ്പിക്കുകയും ചെയ്ത് ഒന്നാം പ്രതി ട്രഷറർ ആയി ചുമതല വഹിച്ചിരുന്ന 2004 മുതൽ 2006 വരെയുള്ള കാലഘട്ടത്തിൽ 3,74,335/- രൂപയുടെ പണാപഹരണവും, രണ്ടാം പ്രതി ട്രഷറർ ആയി ചുമതല വഹിച്ചിരുന്ന 2006 മുതൽ 2007 വരെയുള്ള കാലഘട്ടത്തിൽ 5,69,304/- രൂപയുടെ പണാപഹരണവും, മൂന്നാം പ്രതി ട്രഷറർ ആയി ചുമതല വഹിച്ചിരുന്ന 2004 മുതൽ 2006 വരെയുള്ള കാലഘട്ടത്തിൽ 2,14,163/- രൂപയുടെ പണാപഹരണവും നടത്തി ടിയാൻമാർ കൈക്കലാക്കിയ തുകകൾ സംബന്ധിച്ച തെളിവുകൾ നശിപ്പിക്കുന്നതിലേക്കായി പ്രതികൾ പരസ്പരം ഉത്സാഹികളും, സഹായികളുമായി പ്രവർത്തിച്ചു എന്നുള്ളത്. ഈ സംഗതിക്ക വിജിലൻസ് ഡയറക്ടറുടെ ഇ-16(വി.ഇ.5/14/എസ്.ഐ.യു-1)23571/2014 തീയതി 24.02.2016 ഉത്തരവ് പ്രകാരം പ്രതികൾക്ക് എതിരെ അഴിമതി നിരോധന നിയമത്തിലെ വകുപ്പ് U/s 13(2) r/w 13(1) (c) പി.സി ആക്ട് 1988, ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 408, 477-A, 420, 120(ബി) & 201 ഐ.പിസി പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു.

സവിനയം,

പൂജപ്പുര,
09.03.2016.

എ.കെ.വിശ്വംഭരൻ,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്